*Uncorrected/Not for publication*

*01-07-2026*
*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

**(1) <u>ലോട്ടറി മേഖല നേരിടുന്ന പ്രതിസന്ധി</u>**

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, പ്രായമായവർ, ഭിന്നശേഷിക്കാർ, ഹൃദ്രോഗം ബാധിച്ച് കഠിന ജോലികൾ ചെയ്യാൻ സാധിക്കാത്തവർ തുടങ്ങി നിരാലംബരായ രണ്ട് ലക്ഷത്തോളം മനുഷ്യർക്ക് ഉപജീവനമാർഗം ഒരുക്കുന്നൊരു സർക്കാർ സംവിധാനമാണ് സംസ്ഥാന ഭാഗ്യക്കുറി. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ലോട്ടറി ജനകീയമായിരുന്നു. ആവശ്യത്തിന് സമ്മാനവും കമ്മീഷനും ഉണ്ടായിരുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ജി.എസ്.ടി. 40 ശതമാനമായി വർധിപ്പിച്ചു. ടിക്കറ്റ് വില വർധിപ്പിക്കുകയും സമ്മാനങ്ങൾ കുറയ്ക്കുകയും ചെയ്തു. ലോട്ടറി മേഖല ഇന്ന് വലിയ പ്രതിസന്ധിയിലാണ്. മൊത്തവിതരണ ഏജന്റുമാർ മുതൽ നടന്നുവിൽക്കുന്നവർക്ക് വരെ ഓരോ ദിവസവും ടിക്കറ്റുകൾ ബാക്കിയാണ്. ഈ വില്പനക്കാർ പലരും മുൻകൂട്ടി പണം നൽകിയാണ് ഏജൻസികളിൽനിന്നും ടിക്കറ്റുകൾ വാങ്ങുന്നത്. ലോട്ടറി ടിക്കറ്റ് വില്പനയിൽ ഇടിവ് സംഭവിച്ചതോടെ അവർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുകയാണ്. ലഭിക്കുന്ന ടിക്കറ്റിന്റെ ക്വാട്ട കുറയാതിരിക്കാൻ മൊത്തവിതരണ ഏജന്റുമാർ അവർക്ക് നിശ്ചയിച്ച ടിക്കറ്റ് മുഴുവനും എടുക്കുകയും ചില്ലറ വില്പനക്കാർക്ക് നിർബന്ധിച്ച് കൂടുതൽ ടിക്കറ്റുകൾ കൈമാറുകയുമാണ് ചെയ്യുന്നത്. രാവന്തിയോളം റോഡിൽ ഇറങ്ങി നടന്നും മറ്റും വില്പന നടത്തിയിട്ടും ഒടുവിൽ ടിക്കറ്റുകൾ ബാക്കിയാകുകയാണ്. ഇത് ഏജന്റുമാരെ കടുത്ത മാനസിക പ്രയാസത്തിലാക്കുകയാണ്. 1.8 കോടി ടിക്കറ്റുകളാണ് ദിവസവും ഭാഗ്യക്കുറി വകുപ്പ് അച്ചടിക്കുന്നത്. പ്രസ്തുത ടിക്കറ്റുകൾ പൂർണ്ണമായി വിറ്റുപോകുന്ന സാഹചര്യവും ഉണ്ടായിരുന്നു. എന്നാൽ സർക്കാർ അച്ചടിക്കുന്ന ഈ ടിക്കറ്റുകൾ വൻകിട കച്ചവടക്കാർ കൈക്കലാക്കി റീട്ടെയിൽ ഷോപ്പുകൾവഴി നാട് മുഴുവൻ കച്ചവടം തുടങ്ങിയതോടെ ചെറുകിട ഏജന്റുമാരും തൊഴിലാളികളും തകർന്നു. പേപ്പർ ലോട്ടറി നിയമം അനുസരിച്ച് ലോട്ടറി കൈകൊണ്ട് നേരിട്ട് വില്പന നടത്തണമെന്നാണ്. എന്നാൽ ഇന്ന് കേരളം മുഴുവൻ എഴുത്തുലോട്ടറി, ഓൺലൈൻ ലോട്ടറി, സൈറ്റ് ലോട്ടറി ഉൾപ്പെടെയുള്ള കച്ചവടങ്ങളാണ് നടക്കുന്നത്. ചുരുക്കത്തിൽ കേരള ലോട്ടറി കേരളത്തിന് പുറത്തേയ്ക്ക് കടത്തുന്ന ഒരു മാഫിയയുടെ കൈയിലാണ്. ഈ നിയമവിരുദ്ധ കച്ചവടം നിർത്തലാക്കണം. 2025 മെയ്

2-ന് നടപ്പാക്കിയ പരിഷ്കരണത്തിലൂടെ ടിക്കറ്റ് വില വർധിപ്പിക്കുകയും 5,000/- രൂപയിൽ കുറവുള്ള സമ്മാനങ്ങൾ വെട്ടിക്കുറയ്ക്കുകയും ചെയ്തിരുന്നു. ഈ പരിഷ്കരണത്തിലൂടെ വന്ന തിരിച്ചടിക്കുപുറമെയാണ് ഇപ്പോഴത്തെ പ്രതിസന്ധി. ടിക്കറ്റ് വില്പന ഇനിയും കുറയാനുള്ള സാധ്യതകൾ നിലനിൽക്കുന്നതെന്നാണ് ഈ മേഖലയിലുള്ള ആശങ്ക. രണ്ട് ലക്ഷത്തോളം വില്പനക്കാരും ഇരുപതിനായിരം സബ് ഏജന്റുമാരും പതിനായിരം ഏജന്റുമാരുമുള്ള ലോട്ടറി മേഖലയെ സംരക്ഷിക്കുന്നതിന് സമ്മാന ഘടന പരിഷ്കരിച്ച് കൂടുതൽ ആകർഷകമാക്കുന്ന നടപടികൾ സ്വീകരിക്കണം. കാരുണ്യ ബെനവലന്റ് ഫണ്ട് ബോർഡ് പുനഃസ്ഥാപിക്കണം. ലോട്ടറി ക്ഷേമനിധി ബോർഡ് അംഗങ്ങളെ അടിയന്തരമായി നിയമിക്കണം. ക്ഷേമനിധി തൊഴിലാളികളുടെ ബോണസ് പതിനായിരം രൂപയായി വർധിപ്പിക്കണം. ക്ഷേമനിധി ആനുകൂല്യങ്ങൾ വർധിപ്പിക്കണം. ലോട്ടറി മേഖലയെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ലോട്ടറി മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആശങ്കകൾ സർക്കാർ വളരെ ഗൗരവത്തോടെ കാണുകയാണ്. ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിച്ചപ്പോൾ ലോട്ടറി ടിക്കറ്റിന്മേലുള്ള 28 ശതമാനം നികുതി 40 ശതമാനമായി വർധിച്ച സാഹചര്യത്തിൽ 12 ശതമാനമായിരുന്ന ഏജൻസി കമ്മീഷൻ കഴിഞ്ഞ സർക്കാരിന്റെകാലത്ത് 10 ശതമാനമായി കുറയ്ക്കുകയും 5,000/- രൂപമുതലുള്ള സമ്മാന ഘടനയിൽ കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത് ടിക്കറ്റ് വില്പനയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നും ഏജൻസി ഫീസിലുണ്ടായ വർധവുൾപ്പെടെ ഈ മേഖലയിലെ പ്രതിസന്ധിക്ക് കാരണമായെന്നുമാണ് സർക്കാർ വിലയിരുത്തുന്നത്. ലോട്ടറി ഏജന്റുമാർക്ക് ലോട്ടറി കച്ചവടം നടത്തി ലാഭമുണ്ടാക്കുകയെന്നത് മാത്രമല്ല സർക്കാരിന്റെ ലക്ഷ്യം. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അതൊരു തൊഴിലാണ്. ഏറ്റവും സാധാരണക്കാരായ പാവപ്പെട്ട മനുഷ്യരുടെ ഉപജീവന മാർഗമാണത്. അതുകൊണ്ട് അവരുടെ ഉപജീവനം സംരക്ഷിക്കുന്നതിനും ടിക്കറ്റ് വില്പന വർധിപ്പിച്ച് ലോട്ടറി മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനും സാധിക്കുന്ന രീതിയിൽ സമ്മാന ഘടനയും കമ്മീഷൻ നിരക്കുകളും

പരിഷ്കരിക്കുന്നതുൾപ്പെടെയുള്ള സമഗ്ര പരിഷ്കരണ പരിപാടികൾ സർക്കാർ പരിശോധിച്ചുവരികയാണ്. തീർച്ചയായും ലോട്ടറി മേഖല നവീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്യും.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ലോട്ടറി ക്ഷേമനിധി ബോർഡിലും ഡയറക്ടറേറ്റിലും നടന്നിട്ടുള്ള കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയ ക്ഷേമനിധി ബോർഡ് ചെയർമാൻമാരെയും ബോർഡ് മെമ്പർമാരെയും ഈ കാലയളവിൽ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെയും പേരിൽ ശക്തമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ മേഖലയിൽ കുറച്ച് ക്രമക്കേടുകൾ നടന്നതായി പലരും പരാതികൾ നൽകിയിട്ടുണ്ട്. തീർച്ചയായും ഗവൺമെന്റ് അക്കാര്യം പരിശോധിക്കും.

## (2) കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പ്രഭാകരൻ: സർ, കേരളത്തിലെ പ്രധാനപ്പെട്ട തനത് പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് വ്യവസായം ഇന്ന് തകർച്ചയുടെ വക്കിലാണ്. ഒരുകാലത്ത് ധാരാളം കുടുംബങ്ങൾ ഈ തൊഴിലിനെ ആശ്രയിച്ച് ജീവിച്ചിരുന്ന സംസ്ഥാനമാണ് കേരളം. പത്ത്-ഇരുപത്തിയഞ്ച് വീടുകൾ ചേരുന്ന ഒരു ഗ്രാമത്തിലാണ് ഞാൻ ജനിച്ച് വളർന്നത്. അതിൽ ഇരുപത് വീടുകളിലും ചെത്തുകാരുണ്ടായിരുന്നു. എന്റെ കുടുംബമുൾപ്പെടെ ചെത്ത് തൊഴിലിനെ ആശ്രയിച്ച് ജീവിച്ച് വന്നവരാണ്. എന്നാൽ പലകാരണങ്ങളാൽ ഈ വ്യവസായം നാൾക്കുനാൾ പ്രതിസന്ധികൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിലയ്ക്കാണ് പോകുന്നതെങ്കിൽ ഈ വ്യവസായത്തിന് അധികനാൾ ഇവിടെ പിടിച്ച് നിൽക്കാൻ കഴിയില്ല. അത് നാശഘട്ടത്തിലേക്ക് നീങ്ങുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിന്റെ തനത് പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഇതിനെ സംരക്ഷിക്കാനും നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണം. ഈ മേഖലയിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് കേരളത്തിൽ ആദ്യമായി നിലവിൽവന്ന ബോർഡാണ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്. ഇത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു

*01-07-2026*
*Calling Attention*

സ്ഥാപനമാണെങ്കിലും ഈ പോക്കാണ് പോകുന്നതെങ്കിൽ ആ സ്ഥാപനവും അവസാനിക്കാൻ പോകുകയാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരള കള്ള് വ്യവസായ വികസന ബോർഡ് (Toddy Board) രൂപീകരിച്ചെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാനിരിക്കുന്നതേയുള്ളൂ. അതിനാൽ ഈ വ്യവസായത്തിന്റെ തകർച്ചയെ ഇപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന ബോധ്യം എനിക്കില്ല. ആധുനിക കാലഘട്ടത്തിന്റെ പ്രത്യേകതമൂലം ചെത്ത് തൊഴിലെടുക്കാനും ചെത്തുകാരനായി വരാനും ഒരു യുവാവും തയ്യാറാകുന്നില്ലെന്നതാണ് വസ്തുത. കള്ള് ഷാപ്പുകൾ ലേലത്തിൽ പോകുമ്പോൾ ഒരു ഷാപ്പിന് മിനിമം അഞ്ച് തൊഴിലാളികൾ വേണമെന്ന നിബന്ധനയുള്ളതിനാൽ അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഷാപ്പ് ലേലത്തിൽ പോകുകയുള്ളൂ. എന്നാൽ അത് കടലാസിൽ എഴുതിവച്ചതല്ലാതെ അങ്ങനെയൊരു സംഭവം ആരും പരിപാലിക്കപ്പെടുന്നില്ലെന്നതാണ് വസ്തുത. ഇന്നത്തെക്കാലത്ത് ഈ വ്യവസായത്തെ നിലനിർത്താൻ പുതിയ മാർഗങ്ങൾ കണ്ടെത്താൻ നമുക്ക് കഴിയും. അത്യുൽപാദന ശേഷിയുള്ള ഉയരം കുറഞ്ഞ വൃക്ഷങ്ങളായ തെങ്ങ്, പന എന്നിവ വച്ചുപിടിപ്പിക്കുകയും ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടുകൂടി ഇത്തരം വൃക്ഷങ്ങളിൽ കയറുന്നതിനുള്ള സംവിധനമുണ്ടാക്കുകയും ചെയ്താൻ ഈ രംഗത്തേക്ക് പുതിയ ചെത്ത് തൊഴിലാളികൾ കടന്നുവരും. സ്ത്രീകൾക്കുവരെ ഈ മേഖലയിലേക്ക് കടന്നുവരാനുള്ള അവസരവുമുണ്ടാകും. ചെത്തിയെടുക്കുന്ന കള്ള് കേടുവരാതെ സൂക്ഷിക്കാനാവശ്യമായ ഫ്രീസർ സൗകര്യം ഏർപ്പെടുത്താൻ കഴിയണം. വീര്യം കുറഞ്ഞതും എന്നാൽ കുടിക്കുന്നവരുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കാത്തതുമായ പാനീയമെന്ന നിലയിൽ ശുദ്ധമായ കള്ള് വിതരണം നടത്താനായാൽ വിദേശ മദ്യത്തിന്റെ പിന്നാലെ പോകുന്നത് ഒഴിവാക്കാൻ സാധിക്കും. സിലോണിൽനിന്നും മറ്റും വിദേശ രാജ്യങ്ങളിലേക്ക് ബാക്കിവരുന്ന കള്ള് കയറ്റുമതി ചെയ്യുന്നതുപോലെ  കേരളത്തിനും കള്ള് കയറ്റുമതി ചെയ്യാനുള്ള മേഖലകൾ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. ആകർഷകമായ സ്ഥലത്ത് ആകർഷകായ Toddy Parlour-കളും കള്ള് ഷാപ്പുകളും സ്ഥാപിക്കണം. കൂടാതെ നല്ലഭക്ഷണവും അവിടെ ഉറപ്പുവരുത്താനായാൽ സ്വാഭാവികമായും ജനങ്ങൾ അവിടേയ്ക്ക്

കടന്നുവരും. കള്ള് ഷാപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ അശാസ്ത്രീയമായ നിബന്ധനകൾ വന്നിട്ടുണ്ട്. അതായത്, 400 മീറ്റർ പരിധിക്കുള്ളിൽ സ്കൂളുകൾ, ശ്മശാനങ്ങൾ, അമ്പലങ്ങൾ എന്നിവയുണ്ടാകാൻ പാടില്ലെന്നാണ്. എന്നാൽ ബാറിന് ഇതൊന്നും ബാധകവുമല്ല. പരമ്പരാഗത വ്യവസായമായ കള്ള് ചെത്തിന് ഈ നിബന്ധനകൾ വളരെ കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. ഉദാഹരണത്തിന്, ഞാൻ പഠിച്ച ബി.ഇ.എം. ഹയർസെക്കൻഡറി സ്കൂൾ പാലക്കാട് സിറ്റിയിലെ ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റിനടുത്താണ് സ്ഥിതി ചെയ്യുന്നത്. അവിടെനിന്നും കൈരളി ബാറിലേയ്ക്ക് ഇരുപത്തിയഞ്ച് മീറ്റർ അകലംപോലുമില്ല. പക്ഷെ കള്ള് ഷാപ്പിന് ഇതൊന്നും ബാധകമല്ല; എന്ത് നീതിയാണിത്? കള്ള് ഷാപ്പും ഒരു പരമ്പരാഗത വ്യവസായമാണ്. അതിന് ദൂരപരിധി വളരെ കർശനമാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഞാൻ ചുരുക്കുകയാണ്. പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ നിന്നാണ് പെർമിറ്റ് അടിസ്ഥാനത്തിൽ കള്ളുണ്ടാക്കി മറ്റ് ജില്ലകളിലേക്ക് അയയ്ക്കുന്നത്. അവിടയുള്ള ചെത്ത് തൊഴിലാളികൾക്ക് ഒരു ജീവത സുരക്ഷിതത്വവുമില്ല, അവരെ ഒരു ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്താനും കഴിയുന്നില്ല. തൊഴിലാളികളെപ്പോലെ ഈ രംഗത്ത് പുതിയ അബ്കാരി കോൺട്രാക്ടർമാരും കടന്നുവരുന്നുണ്ട്. എന്നാൽ ചില കോൺട്രാക്ടർമാർ വല്ലാത്ത പരാധീനയതിലാണ്. അവർ ഷാപ്പിൽ മുടക്കിയ കാശ് ഷാപ്പിൽനിന്നുതന്നെ തിരിച്ചെടുക്കാൻവേണ്ടി ഷാപ്പ് കോൺട്രാക്ട് എടുക്കുന്നുയെന്നല്ലാതെ ആ രംഗത്തും പുതിയ ആളുകൾ കടന്നുവരാത്ത ഒരു അവസ്ഥയുണ്ട്. അത് ചിലപ്പോൾ മുൻകാലത്ത് ലഭിച്ചിരുന്നതുപോലെ ലാഭം ഇല്ലാത്തതുകൊണ്ടാകാം പുതിയ അബ്കാരി കോൺട്രാക്ടർമാർ കടന്നുവരാത്തത്.

<u>മി. സ്പീക്കർ</u>: യെസ്......യെസ്.....

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ,....കഴിഞ്ഞു........തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റചട്ടം നിലവിൽവന്നതുകൊണ്ട് പകുതി ഷാപ്പുകളും ലേലത്തിൽ പോയിട്ടില്ല. നിലവിൽ എല്ലാ ഷാപ്പുകളും അടഞ്ഞുകിടക്കുന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലില്ലാത്ത അവസ്ഥയാണുള്ളത്. ബഹുമുഖമായ പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന ഈ കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിക്കാൻ സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണം.

അതുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ലിജു</u>): സർ, കേരളത്തിലെ പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം ന്യായയുക്തമാണ്. 1967-ൽ നിലവിൽവന്ന കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണക്ക് പ്രകാരം 13859 ചെത്ത് തൊഴിലാളികളും 5836 വില്പന തൊഴിലാളികളുമാണ് ഇപ്പോൾ കേരളത്തിലുള്ളത്. ഷാപ്പുകളുടെ എണ്ണം കണക്കിലെടുത്താൽ 138 എക്സൈസ് റെയിഞ്ചുകളിൽ 914 ഗ്രൂപ്പുകളിലായി 5171 കള്ള് ഷാപ്പുകളാണുള്ളത്. 2023 മാർച്ച് 31-ന് ആരംഭിച്ച വില്പന പ്രകാരം ഇതിന്റെ ലൈസൻസ് കാലാവധി 2026 മാർച്ച് 31-ന് അവസാനിക്കും. സാധാരണയായി മൂന്ന് വർഷത്തേക്കാണ് ലൈസൻസ് നൽകുന്നത്. എന്നാൽ മുൻ സർക്കാരിന്റെ ഭരണകാലത്ത് ഒരു വർഷത്തേക്കുകൂടി ലൈസൻസ് കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ഇപ്പോൾ 2027 മാർച്ച് 31-വരെയാണ് നിലവിലുള്ള കള്ള് ഷാപ്പുകളുടെ ലൈസൻസ് കാലാവധി. 5171 കള്ള് ഷാപ്പുകളിൽ നിലവിലുള്ള കണക്കുകൾ പ്രകാരം 4467 കള്ള് ഷാപ്പുകൾ പ്രവർത്തനക്ഷമവും ബാക്കിയുള്ള 704 എണ്ണം പ്രവർത്തനരഹിതവുമാണ്. അതിൽനിന്നും നിയമനടപടികൾ നിലനിൽക്കുന്ന ഷാപ്പുകളുടെ എണ്ണം ഒഴിവാക്കിയാൽ 421 എണ്ണം പ്രവർത്തനരഹിതമായ കള്ള് ഷാപ്പുകളിൽ എലിജിബിളാണ്. നിലവിൽ കള്ള് ഷാപ്പ് വ്യവസായവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കാര്യങ്ങൾ ഇവയെല്ലാമാണ്. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധികൾ നിരവധിയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പുതുതായി തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നുവരുന്നില്ല. കാരണം വരുമാനക്കുറവും ശാരീരിക അധ്വാനവുമാണ്. അതോടൊപ്പം മറ്റ് നിരവധി പ്രശ്നങ്ങളുമുണ്ട്. 1967-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ രൂപീകരണത്തിനുശേഷം 2021-ൽ അതായത് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റ് 2021 പ്രകാരം നിലവിൽവന്ന 'കള്ള് വ്യവസായ വികസന ബോർഡ് (Toddy Board) 2024-ൽ നിലവിൽവന്നു. ശുദ്ധമായ കള്ള് കേരളത്തിൽ വിതരണം ചെയ്യുക എന്നതായിരുന്നു ഈ ബോർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. വൃക്ഷങ്ങളിൽനിന്നും

ലഭ്യമാകുന്ന കള്ളിന്റെ അളവും നിലവിൽ ഷാപ്പുകളിൽ വിതരണം ചെയ്യുന്ന കള്ളിന്റെ അളവും തമ്മിൽ ആനുപാതികമായി വലിയ വ്യത്യാസമുണ്ടെന്ന ഒരാശങ്ക നിലവിലുണ്ട്. അതുകൊണ്ടുതന്നെ വ്യാജമദ്യവും വ്യാജ കള്ളും ലഭ്യമാകുന്നുവെന്നും അത് സമൂഹത്തിൽ ഗുരുതരമായ ആരോഗ്യ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുവെന്നുമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കള്ള് വ്യവസായത്തിൽ വിശ്വാസ്യത സംബന്ധിച്ചും ശുദ്ധമായ കള്ള് തന്നെയാണോ ലഭിക്കുന്നതെന്നുമുള്ള പ്രശ്നങ്ങളുണ്ട്. സംസ്ഥാനത്ത് വ്യാജ കള്ളിന്റെ ഉൽപാദനവും വിതരണവും പൂർണ്ണമായും തടയുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് 'ഓപ്പറേഷൻ ശുദ്ധി' എന്ന പേരിൽ ഒരു സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ശുദ്ധമായ കള്ള് വിതരണം ചെയ്യുകയെന്നതും നിയമലംഘനങ്ങൾ കണ്ടെത്തുകയെന്നതും മാത്രമല്ല ഇത് ലക്ഷ്യം വയ്ക്കുന്നത്. കള്ള് മേഖലയെ സമഗ്രമായി പരിഷ്കരിച്ച് തൊഴിലാളികളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ട് ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ശുദ്ധമായ കള്ള് ലഭ്യമാക്കുകയും കള്ള് വ്യവസായത്തിൽ സുതാര്യതയും വിശ്വാസവും ഉറപ്പുവരുത്തുകയെന്നുള്ളതുമാണ് 'ഓപ്പറേഷൻ ശുദ്ധി'യുടെ ലക്ഷ്യം. 2026 ജൂൺ മാസം 3-ന് ആരംഭിച്ച 'ഓപ്പറേഷൻ ശുദ്ധി' പദ്ധതിയുടെ ഭാഗമായി 2470 കള്ള് ഷാപ്പുകളിൽ പരിശോധന നടത്തുകയും 1457 കള്ള് സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ച് കെമിക്കൽ ലാബുകളിലേക്ക് അയച്ചിട്ടുമുണ്ട്. അങ്ങനെ സമഗ്രമായ പദ്ധതിക്കുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കള്ളിന്റെ വിശ്വാസ്യത, ശുദ്ധമായ കള്ളിന്റെ ലഭ്യത എന്നിവ ഉറപ്പുവരുത്താനാവശ്യമായ നടപടികൾ, yield നൽകുന്ന പുതിയ ഇനങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം സർക്കാരിന്റെ പരിഗണനയിലുണ്ട്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നിട്ട് പരിമിതമായ കാലമേ ആയിട്ടുള്ളൂ. ഈ സർക്കാരിന്റെ മദ്യനയം നിലവിൽ വന്നിട്ടില്ല. ഈ മേഖലയിലുള്ള തൊഴിലാളികൾ, ഷാപ്പുടമകൾ, സമൂഹത്തിലെ വിവിധതരത്തിലുള്ള ആളുകൾ തുടങ്ങിയവരുമായി ചർച്ച ചെയ്ത് സമഗ്രമായ ഒരു മദ്യനയം വരുന്നതോടെ നിലവിൽ രൂപീകരിക്കപ്പെട്ട കള്ള് വ്യവസായ വികസന ബോർഡ് (ടോഡി ബോർഡ്)-ന്റെയും കേരള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും ലക്ഷ്യങ്ങളെ മുൻനിർത്തി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കാൻ എക്സൈസ് വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ

ഏകദേശം 20,000-ത്തിൽപ്പരം ആളുകൾക്ക് തൊഴിൽ നൽകുന്ന കേരളത്തിന്റെ പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ശുദ്ധമായ കള്ളുവിതരണം നടത്തണമെന്നുള്ള തീരുമാനത്തെയും അതിനുള്ള സൗകര്യങ്ങളും ഇടപാടുകളും നടത്തുന്നുവെന്നുള്ളതിലും സന്തോഷിക്കുന്നു. വിദേശ മദ്യ ഷാപ്പുകൾക്കും ബാറുകൾക്കും ബാധകമല്ലാത്ത ദൂരപരിധിയെങ്കിലും കള്ളുഷാപ്പുകളുടെ കാര്യത്തിൽ നീക്കംചെയ്യുമോ?

<u>ശ്രീ. എം. ലിജു</u>: സർ, കള്ള് ഷാപ്പുകളെ സംബന്ധിക്കുന്ന ദൂരപരിധി എന്നത് Rule 7(2) of the Kerala Abkari Shops Disposal Rules, 2002 പ്രകാരമാണ്. നിലവിൽ 400 മീറ്ററാണ് ദൂരപരിധി. മദ്യവിൽപനശാലകളെ സംബന്ധിച്ച് റീട്ടെയിൽ എഫ്.എൽ. 1 (FL-1) ഷോപ്പുകൾക്ക് 200 മീറ്ററാണ് ദൂരപരിധി കണക്കാക്കിയിരിക്കുന്നത്. അതായത്, ത്രീ സ്റ്റാർ മദ്യവിൽപനശാലകൾക്ക് 200 മീറ്ററും ഫോർ സ്റ്റാറും അതിനുമുകളിലുമാണെങ്കിൽ 50 മീറ്ററുമാണ് ദൂരപരിധിയുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ നിർദേശങ്ങളെക്കുറിച്ച് സമഗ്രമായി മദ്യനയത്തിൽ ചർച്ച ചെയ്യാവുന്നതാണ്. അപ്പോൾ അതിന്റെ സാമൂഹിക പ്രത്യാഘാതവും ഇപ്പറഞ്ഞ ഘടകങ്ങളെല്ലാം ചർച്ച ചെയ്ത് സമഗ്രമായ ഒരു മദ്യനയം വരുന്നതോടെ കാര്യങ്ങൾ വ്യക്തമാകും. ബഹുമാനപ്പെട്ട അംഗം ചിറ്റൂർ നിയോജകമണ്ഡലത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ദിവസങ്ങളിൽ ശേഖരിച്ച കണക്കുകൾ പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ കള്ള് ഉൽപാദിപ്പിക്കുന്ന പ്രദേശമായ ചിറ്റൂർ സർക്കിളിനുകീഴിൽ ഏകദേശം 1275 ചെത്ത് തോട്ടങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ 111827 തെങ്ങുകളിൽനിന്നും 223654 ലിറ്റർ കള്ള് ഉൽപാദിപ്പിക്കുന്നതിനാണ് പെർമിറ്റ് പ്രകാരം അനുമതി നൽകിയിട്ടുള്ളത്. തിരുവനന്തപുരം, കണ്ണൂർ ജില്ലകൾ ഒഴികെയുള്ള എല്ലാ സ്ഥലങ്ങളിലേക്കും വിതരണം ചെയ്യുന്നത് ഇവിടെനിന്നുള്ള കള്ളാണ്. പക്ഷേ, തോട്ടങ്ങളുടെ എണ്ണം കൃത്യമാണോ; തെങ്ങുകളുടെ എണ്ണം കൃത്യമാണോ; ഇതിൽ നിന്ന് ലഭ്യമാകുന്ന കള്ളിന്റെ അളവ് കൃത്യമാണോ; ലഭ്യമാകുന്ന കള്ളിന്റെ അളവിനനുസരിച്ചാണോ സംസ്ഥാനത്ത് നിലവിലുള്ള നാലായിരത്തിൽപ്പരം

ഷാപ്പുകളിൽ കള്ള് വിതരണം ചെയ്യപ്പെടുന്നത് എന്നതുസംബന്ധിച്ച് സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. തീർച്ചയായും എക്സൈസ് വകുപ്പ് അത്തരമൊരു സൂക്ഷ്മപരിശോധനയിലാണ്. ഈ മേഖലയുടെ വിശ്വാസം നമുക്ക് ഉറപ്പുവരുത്തണം. കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയാണിത്. തൊഴിലാളികളുടെ ജീവിതസുരക്ഷിതത്വം ഉറപ്പുവരുത്തണം. അതോടൊപ്പംതന്നെ, കേരളത്തിലെ ജനങ്ങൾ കുടിക്കുന്നത് ശുദ്ധമായ കള്ളാണെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വവും ഈ സർക്കാരിനുണ്ടെന്ന് ഞാൻ അടിവരയിട്ട് പറയാൻ ആഗ്രഹിക്കുകയാണ്.

* * *